**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 619** **08-10-2024 - ൽ മറുപടിയ്ക്ക്**

**പാലക്കാട് സ്മാർട്ട് സിറ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊച്ചി–ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് സ്ഥാപിക്കുന്ന സ്മാർട്ട് സിറ്റി പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതി നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ സ്മാർട്ട് സിറ്റി പദ്ധതിക്ക് യൂണിയൻ ഗവൺമെന്റിൽ അംഗീകാരം 24/08/2024ന് ലഭിച്ചു. 1710 ഏക്കർ ഭൂമിയിൽ 3806 കോടിയുടെ പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. പാലക്കാട് ജില്ലയിൽ കണ്ണമ്പ്ര വില്ലേജ്, പുതുശ്ശേരി സെൻട്രൽ, വെസ്റ്റ് വില്ലേജുകളിലായാണ് ഭൂമി ഏറ്റെടുത്തിരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി കേന്ദ്ര, കേരള സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടുകൂടി (50-50) The Kerala Industrial Corridor Development Corporation Limited (KICDC) എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിട്ടുണ്ട്. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ (KBIC) എല്ലാ പ്രവർത്തനങ്ങളും പ്രസ്തുത SPV ഏകോപിപ്പിക്കും. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടത്തിവരുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | പാലക്കാട് സ്മാർട്ട് സിറ്റിക്ക് ആഗസ്റ്റ് 28 ന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം ലഭ്യമായി. തുടർന്ന് സംസ്ഥാന സർക്കാരിന് ഔദ്യോഗിക ഉത്തരവ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചു. NICDC യും കേരള സർക്കാരും തമ്മിലുള്ള ഏകോപനത്തിനായി പ്രിൻസിപ്പൽ സെക്രട്ടറി ഇൻഡസ്ട്രീസ് ചെയർമാനായും, MD KINFRA, MD KSIDC, ജില്ലാ കളക്ടർ, GM KINFRA എന്നിവർ അംഗങ്ങളായുള്ള ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും പദ്ധതി നടപ്പാക്കുന്നതിനായി ആഗോള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ? | (സി) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്കായി പാലക്കാട് ജില്ലയിലെ പുതുശ്ശേരി സെൻട്രൽ, വെസ്റ്റ്, കണ്ണമ്പ്ര വില്ലേജുകളിലായി 1710 ഏക്കർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. കണ്ണമ്പ്ര വില്ലേജിൽ 312 ഏക്കർ ഭൂമിയും, പുതുശ്ശേരി സെൻട്രൽ വില്ലേജിൽ 1137 ഏക്കർ ഭൂമിയും, പുതുശ്ശേരി വെസ്റ്റ് വില്ലേജിൽ 240 ഏക്കർ ഭൂമിയും, പുതുശ്ശേരി സെൻട്രൽ, വെസ്റ്റ് വില്ലേജിലെ ഭൂമികളിലേക്ക് ദേശീയ പാതയിൽ നിന്ന് നേരിട്ട് പ്രവേശനം ലഭിക്കുന്നതിനായി 21 ഏക്കർ ഭൂമിയുമാണ് ഏറ്റെടുക്കുന്നത്. 1450 ഏക്കർ ഭൂമി ഇതിനകം ഏറ്റെടുത്തു കഴിഞ്ഞു. ബാക്കി ഭൂമി ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി 2024 ഡിസംബറോടുകൂടി ഏറ്റെടുക്കാൻ കഴിയുന്നതാണ്.<br><br>എൻ.ഐ.സി.ഡി.സി നിയോഗിച്ച ആർക്കിടെക്ചറൽ കൺസൾട്ടന്റ് ഐ.എം.സി പാലക്കാട് നോഡിന്റെ അടിസ്ഥാന വികസനത്തിനായി 2026 കോടി രൂപയുടെ എസ്റ്റിമേറ്റും, ആഗോള ടെൻഡർ (EPC) ക്ഷണിക്കുന്നതിനുള്ള രേഖകളും തയാറാക്കിട്ടുണ്ട്. പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റിനു വേണ്ടിയുള്ള ടെൻഡർ നവംബറോടുകൂടി NICDC വിളിക്കുന്നതാണ്. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റിനെ നിയമിച്ച ശേഷം 2024 മാർച്ചോടെ അടിസ്ഥാനസൗകര്യത്തിനുള്ള ആഗോള ഇ.പി.സി ടെൻഡർ ക്ഷണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ